റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ മാത്രമാണ് പെൺകുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്നത്. ഈ സ്കൂൾ ഉൾപ്പെടെ എല്ലാ ഫിഷറീസ് സ്കൂളുകളും റസിഡൻഷ്യൽ സ്കൂളുകളാണ്. ഇവിടത്തെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ പ്രതിമാസം 500 രൂപ വീതം മെസ് അലവൻസ് നൽകി വരുന്നുണ്ട്. ആയതിനാൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പോക്കറ്റ് മണി കൊടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഫിഷറീസ് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തിവരുന്ന വികസന പ്രവർത്തനങ്ങൾ

79 (2104) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) വർക്കല നിയോജക മണ്ഡലത്തിലെ ഇടവ ഗ്രാമപഞ്ചായത്തിന് 1999-2000, 2000-2001 വർഷങ്ങളിൽ ചെലവഴിക്കുന്നതിനായി എന്ത് തുക ഫിഷറീസ് വകുപ്പ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഏതൊക്കെ ഇനത്തിൽ ഉൾപ്പെടുത്തി ഏതൊക്കെ ഇനം വർക്കുകൾ നടത്താൻ വേണ്ടിയാണ് ഈ ഫണ്ട് നൽകിയിട്ടുള്ളതെന്നും ഇതിൽ ഓരോന്നിലും എന്ത് തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഇതുമൂലം തീരപ്രദേശമായ ഇടവായുടെ ഈ രംഗത്തുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. സാമൂഹ്യമത്സ്യകൃഷി

2. ജനകീയ മത്സ്യകൃഷി

3. മത്സ്യവിപണനത്തിനും മത്സ്യവിപണ ബൂത്തുകൾ സ്ഥാപിക്കുന്നതിനുമുള്ള സഹായം.

4. സാനിട്ടേഷൻ

5. ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ

6. തീരജ്യോതി

7. മത്സ്യഭവനുകൾ

8. വ്യത്യസ്ത തൊഴിലവസരങ്ങളും, തൊഴിൽ പരിശീലനവും.

(ബി) 1999-2000, സാമ്പത്തിക വർഷത്തിൽ 2.5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം തുകയൊന്നും ഇതുവരെ നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) മത്സ്യഭവൻ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടിയാണ് 1999-2000 സാമ്പത്തിക വർഷം 2.5 ലക്ഷം രൂപ അനുവദിച്ചിരുന്നത്. ഈ തുക ഇതുവരെയും ചെലവഴിച്ചിട്ടില്ല.

(ഡി) മത്സ്യഭവൻ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിലും ഇടവാ ഗ്രാമപഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളുടെ ആവശ്യത്തിനായി ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്ന് മത്സ്യഭവൻ പ്രവർത്തനം നടത്തിവരുന്നു. ഫിഷറീസ് മേഖലയിലെ പദ്ധതികൾ മത്സ്യഭവൻ വഴിയാണ് നടപ്പാക്കി വരുന്നതെന്നതിനാൽ ഇടവയിലെ മത്സ്യത്തൊഴിലാളികൾക്കും, പദ്ധതി പ്രവർത്തനങ്ങൾ മൂലം പുരോഗതിയുണ്ടായിട്ടുണ്ട്.

ശാസ്താംപുറം മാർക്കറ്റിലെ ഫിഷറീസ് കോൾഡ് സ്റ്റോറേജ്

80 (2105) ശ്രീമതി ശോഭന ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ ശാസ്താംപുറം മാർക്കറ്റിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോൾഡ് സ്റ്റോറേജിന്റെ അവസ്ഥ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോൾഡ് സ്റ്റോറേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഈ കോൾഡ് സ്റ്റോറേജിൽ എത്ര ജീവനക്കാർ പണിയെടുക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) പ്രസ്തുത സ്ഥാപനം ഇപ്പോൾ പ്രവർത്തനരഹിതമാണ്.

(ബി) കോൾഡ് സ്റ്റോറേജ് മെഷിനറിയുടെ അറ്റകുറ്റപ്പണികൾ ചെയ്തതിനുശേഷം പ്രസ്തുത സ്ഥാപനം പ്രവർത്തനക്ഷമമാക്കുന്നതിന് ചെങ്ങന്നൂർ നഗരസഭ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(സി) സ്ഥാപനം പ്രവർത്തനരഹിതമായിതിനാൽ ഇപ്പോൾ ഒരു വാച്ചുമാൻ മാത്രമേ അവിടെ ജോലി ചെയ്യുന്നുള്ളൂ.

കായംകുളം മണ്ഡലത്തിലെ ഫിഷ്‌ലാന്റിംഗ് സെന്റർ

81 (2106) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിലെ ദേവികുളത്തിൽ നിർമ്മിച്ച ഫിഷ് ലാന്റിംഗ് സെന്റർ പ്രവർത്തിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ നിർമ്മാണത്തിനായി പൊതുഖജനാവിൽ നിന്നും എന്ത് തുക ചെലവഴിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly